# 9

# ദൈവത്തിന്റെ ജ്ഞാനം അറിയായ് വന്നു

## (3:8-13)

3:1-7-ൽ, ജാതികളോടുള്ള തന്റെ വ്യക്തിഗത ശുശ്രൂഷയെക്കുറിച്ചാണ് പൗലൊസ് പറഞ്ഞത്. ഈ ചിന്താധാര തുടർന്ന് 3:8-13-ൽ ദൈവജ്ഞാനം എങ്ങനെ അറിയായ് വന്നു എന്ന് പറയുന്നു.

### ജാതികളോട് പ്രസംഗിക്കാനുള്ള കൃപ (3:8)

**8സകല വിശുദ്ധന്മാരിലും എറ്റവും ചെറിയവനായ എനിക്ക് ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയധനത്തെക്കുറിച്ച്പ്രസംഗിപ്പാൻ കൃപ നൽകിയിരിക്കുന്നു.**

**വാക്യം 8.** തെറ്റായ താഴ്മ പ്രകടിപ്പിക്കുന്നതിനായിരുന്നില്ല പൗലൊസ് തന്നെ **വിശുദ്ധന്മാരിൽ ഏറ്റവും ചെറിയവനെന്ന്** പറഞ്ഞത്. 1 തിമൊഥെയൊസ് 1:12-17-ൽ, രക്ഷിക്കപ്പെട്ടവനും പാപം ക്ഷമിച്ചു കിട്ടിയവനുമായ പൗലൊസ് യേശുവിനും ദൈവത്തിനും സ്തോത്രം അർപ്പിക്കുന്നു. കാരണം പാപികളിൽ മുഖ്യനായിരുന്ന അവനിലേക്ക് ദൈവം തന്റെ കരുണയും കൃപയും സ്നേഹവും പ്രകടിപ്പിച്ചു. അവൻ മുമ്പ് ദൂഷകനും, ഉപദ്രവിയും, അക്രമിയുമായിരുന്നു. അവിശ്വാസത്തിൽ അറിയാതെ, അവൻ ക്രിസ്തുവിനും സഭക്കും എതിരായി പ്രവർത്തിച്ചു. ദൈവം അവന്റെ ആത്മാവിനെ രക്ഷിക്കുവാനും അവനെ ഒരു മാതൃകയാക്കി ഉയർത്തുവാനും അവനോട് ദയവു കാണിച്ചു: അവനു രക്ഷിക്കപ്പെടുവാൻ കഴിഞ്ഞു എങ്കിൽ, എല്ലാവർക്കും രക്ഷിക്കപ്പെടുവാൻ കഴിയും! അപ്പൊസ്തലൻ തന്നെ "വിശുദ്ധന്മാരിൽ എറ്റവും ചെറിയവൻ" എന്നും "അപ്പൊസ്തലൻമാരിൽ ഏറ്റവും ചെറിയവൻ" എന്നും ആണ് പറഞ്ഞത് (1 കൊ. 15:9). അതിനു പുറമേ, അവൻ തന്നെക്കുറിച്ച് "ഒന്നുമല്ലാത്തവൻ" എന്നാണ് പറഞ്ഞത് (2 കൊ. 12:11). എന്നാൽ അവൻ "ആരോ" ആയി തീരുകയും അപ്പൊസ്തലത്വവും ദൈവകൃപയാൽ ശുശ്രൂഷയും ലഭിച്ചു (3:2, 7 നോക്കുക.).

ദൈവകൃപയാലായിരുന്നു പൗലൊസ് "ജാതികളുടെ അപ്പൊസ്തലൻ" ആയത് (റോമർ 11:13), അവൻ അവരോട് **ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ** കുറിച്ച് പ്രസംഗിച്ചു. "ധനം" (*പ്ലൗറ്റോസ്*) എന്ന വാക്കിൽ നമ്മുടെ പാപങ്ങൾ മോചിക്കുന്നതും ഉൾപ്പെടുന്നു (1:7), വിശുദ്ധന്മാർക്കുള്ള അവകാശത്തിന്റെ മഹിമയും (1:18), "വരുവാനുള്ള ലോകത്തിൽ" കാണിപ്പാനിരിക്കുന്ന അവന്റെ കൃപയും (2:7), ദൈവത്തിന്റെ മഹത്വവും (3:16), ഈ വാക്യത്തിൽ, ക്രിസ്തുവും ഉൾപ്പെടുന്നു. ഇവിടെ പറയുന്നതിന്റെ അർത്ഥം "ക്രിസ്തുവും സുവിശേഷത്തിന്റെ ധനവും, രക്ഷയെന്ന സമ്പത്തും അപ്രമേയം തന്നെ"[1]

എന്നാണ്. *അനെക്സിക്നിയാസ്റ്റോസ്*, തർജ്ജിമ ചെയ്തതാണ് "അപ്രമേയം," ("കാണുവാൻ കഴിയാത്ത").[2] ക്രിസ്തു ആരാണെന്നും അവൻ കൊണ്ടുവരുന്ന രക്ഷയെക്കുറിച്ചുമുള്ള പൂർണ സത്യം ആളുകൾക്ക് മനസിലാക്കുവാൻ കഴിയുന്നില്ല. അത് മനുഷ്യർക്ക് "കാണുവാൻ കഴിയുന്നില്ല" അല്ലെങ്കിൽ മുഴുവനായി മനസിലാക്കുവാൻ കഴിയുന്നില്ല; മനസിലാക്കുവാൻ കഴിയാത്ത വിധത്തിൽ സൂക്ഷിച്ചിരുന്ന ഒന്നായിരുന്നു ക്രിസ്തുവിലുള്ള ദൈവത്തിന്റെ പദ്ധതി. റോമർ 11:33-ൽ പൗലൊസ് പറഞ്ഞു, "ഹാ ദൈവത്തിന്റെ ധനം, ജ്ഞാനം, അറിവു എന്നിവയുടെ ആഴമേ അവന്റെ ന്യായവിധികൾ എത്ര അപ്രമേയവും അവന്റെ വഴികൾ എത്ര അഗോചരവും ആകുന്നു!"

## ദൈവത്തിന്റെ ശുശ്രൂഷ പ്രകാശിപ്പിക്കുവാനുള്ള ദൈവത്തിന്റെ കൃപ (3:9)

**9സകലവും സൃഷ്ടിച്ച ദൈവത്തിന്റെ അനാദി കാലം മുതൽ മറഞ്ഞു കിടന്ന മർമ്മത്തിന്റെ വ്യവസ്ഥ ഇന്നതെന്നു എല്ലാവർക്കും പ്രകാശിപ്പിപ്പാനുമായി ഈ കൃപ നൽകിയിരിക്കുന്നു.**

**വാക്യം 9.** പൗലൊസ് പറഞ്ഞതനുസരിച്ച് ദൈവ കൃപയാൽ ലഭിച്ച നേട്ടവും ദൗത്യവും, ദൈവ പദ്ധതിയിൽ മറച്ചു വെച്ചിരുന്ന ഭാഗമായിരുന്നു. *ഫോറ്റിസോ* തർജ്ജിമ ചെയ്തതാണ് **പ്രകാശിപ്പിക്കുക** എന്ന വാക്ക്. ക്രിസ്തുവിനേയും ക്രിസ്തുവിന്റെ പ്രവൃത്തിയേയും ആളുകളോട് പ്രസംഗിക്കുവാൻ പൗലോസിനെ പ്രാപ്തമാക്കിയത് ദൈവ കൃപയായിരുന്നു. അത് "തന്റെ മർമ്മോദ്ദേശം പ്രാവർത്തികമാക്കുവാൻ തിരഞ്ഞെടുത്തുകൊണ്ടാണ്"[3] അവനെ ദൈവം ഉപയോഗിച്ചത്. 1:18-ൽ, എഫേസ്യർ പ്രകാശിതരാകുവാൻ പൗലൊസ് പ്രാർത്ഥിച്ചു. ഇവിടെ, ദൈവത്തിന്റെ ഉദ്ദേശം അടങ്ങിയിരിക്കുന്ന സത്യം അവന്റെ ശുശ്രൂഷയിൽ കൂടെ കാണിച്ചു കൊടുപ്പാനാണ് ദൈവം ആഗ്രഹിച്ചത്.

ദൈവം തന്റെ പദ്ധതി അറിയിക്കുന്ന രീതിയെയാണ് **നടത്തിപ്പ്** കൊണ്ട് ഉദ്ദേശിക്കുന്നത് (1:9, 10 നോക്കുക). കാലാരംഭം മുതൽ ദൈവം അത് അറിയിക്കുന്നതു (വെളിപ്പാട്) വരെ, മറച്ചു വെച്ചിരുന്നു (ഒരു **മർമ്മമായി**). ലോക സൃഷ്ടാവായ ദൈവമാണ് മനുഷ്യർക്കുവേണ്ടി പദ്ധതിയും ഉദ്ദേശവും തയ്യാറാക്കിയത് എന്ന സൂചനയാണ് **സകലവും സൃഷ്ടിച്ച ദൈവം** എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ കാല നിത്യത മുതൽ ആ പദ്ധതി അവന്റെ മനസിലുണ്ടായിരുന്നു (3:6; കൊലൊ. 1:26, 27).

## ദൈവജ്ഞാനം അറിയിക്കുക എന്നതായിരുന്നു ഉദ്ദേശം (3:10)

**10അങ്ങനെ ഇപ്പോൾ സ്വർഗ്ഗത്തിൽ വാഴ്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം, സഭ മുഖാന്തരം അറിവായ് വരുന്നു.**

**വാക്യം 10.** ജാതികളോട് ദൈവത്തിൻെറ ഉദ്ദേശം പ്രഖ്യാപിക്കുക എന്നതായിരുന്നു പൗലൊസിനു കൊടുത്ത ദൗത്യം. എങ്ങനെയായാലും, ഈ വേദ

ഭാഗത്ത് പൗലൊസ് പറയുന്നത് *സഭയുടെ മൊത്തത്തിലുള്ള ദൗത്യം ആ ഉദ്ദേശം അറിയിക്കുക എന്നതാണ്*. "ജാതികളോട് പ്രസംഗിക്കുക" എന്നതായിരുന്നു പൗലൊസിന്റെ ലക്ഷ്യം (3:8), കൂടാതെ ദൈവത്തിന്റെ മർമ്മം "പ്രകാശിപ്പിക്കുവാനും" (3:9), **അങ്ങനെ ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം സഭ മുഖാന്തരം അറിയായ് വരുന്നു**. "ബഹുവിധം" തർജ്ജിമ ചെയ്തിരിക്കുന്ന ഗ്രീക്ക് നാമ വിശേഷണം *പൊലുപൊയ്കിലൊസ്*, അത് പുതിയനിയമത്തിൽ ഈ വാക്യത്തിൽ മാത്രമാണുള്ളത്, അത് പറയുന്നത് വിവിധ നിറത്തിലുള്ള തുണി, പുഷ്പം, അല്ലെങ്കിൽ പെയ്ന്റിങ്.[4] "ദൈവത്തിന്റെ ജ്ഞാനം"-പൗലൊസ് പറഞ്ഞ ദൈവ പദ്ധതി മുഴുവൻ വെളിപ്പാടും പുറത്തുവരുന്നതിനു മുമ്പ് അത് വിവിധ രീതിയിലായിരുന്നു അവതരിപ്പിച്ചിരുന്നത്. ഭാവിയെക്കുറിച്ചു പ്രവചിച്ച പഴയനിയമ പ്രവാചകന്മാരിൽ ഇതിനെക്കുറിച്ച് പറഞ്ഞിരുന്നു, ദൂതന്മാർ അതിനെ നോക്കുവാനും തുനിഞ്ഞിരുന്നു; എന്നാൽ ദൈവ പദ്ധതി വെളിപ്പെടുത്തുന്നതു വരെ മനുഷ്യർക്കോ ദൂതന്മാർക്കോ അത് മനസിലായിരുന്നില്ല (1 പത്രൊ. 1:10–12). മഹത്തായ ദൈവത്തിന്റെ ജ്ഞാനം വിവിധമായിരുന്നത് ഇപ്പോൾ വെളിപ്പെട്ടു കിട്ടി എന്നാണ് പൗലൊസ് ഊന്നി പറയുന്നത്.

"ഇപ്പോൾ," എന്ന് വർത്തമാന കാലത്തിൽ പറഞ്ഞിരിക്കുന്നത് (ക്രിസ്തീയ കാലം). **സഭ**യാണ് ദൈവത്തിന്റെ പദ്ധതി അറിയിക്കേണ്ടത് എന്ന് വ്യക്തമാക്കുന്നു. "സ' " (എക്ലേസ്യാ) യെ കുറിച്ചാണ് ലേഖനത്തിൽ മുഴുവൻ പറയുന്നതെങ്കിലും, സഭ എന്ന വാക്കിന്റെ രണ്ടാമത്തെ ഉപയോഗം ഇവിടെ കാണാം (1:22, 23 ന്റെ പരാമർശം നോക്കുക). **സ്വർഗത്തിൽ വാഴ്ച്ചകളോടും അധികാരങ്ങളോടും** ദൈവത്തിന്റെ ജ്ഞാനം, അഥവാ പദ്ധതി അറിയിക്കേണ്ടത് സഭയാണ്. "സ്വർഗത്തിലെ വാഴ്ച്ചകളും ... അധികാരങ്ങളും" എന്നു പറയുന്നത് ആരാണെന്നോ, അല്ലെങ്കിൽ അവരോട് പറയുന്നത് എങ്ങനെയെന്നോ പൗലൊസ് പറയുന്നില്ല. ("കൂടുതൽ പഠനത്തിന് നോക്കുക: പിന്നീട് ഈ പുസ്തകത്തിൽ കാണുന്ന 'വാഴ്ച്ചകളും അധികാരങ്ങളും' [3:10]".)

## ദൈവത്തിന്റെ നിത്യമായ ഉദ്ദേശത്തിന്റെ നിറവേറൽ (3:11, 12)

**11അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദി നിർണ്ണയപ്രകാരം സഭ മുഖാന്തരം അറിയായ്‌വരുന്നു. 12അവനിൽ ആശ്രയിച്ചിട്ട് അവങ്കലുള്ള വിശ്വാസത്താൽ നമുക്ക് ധൈര്യവും പ്രവേശനവും ഉണ്ട്.**

**വാക്യം 11. നിത്യമായ ഉദ്ദേശം** എന്നത് തർജിമ ചെയ്തിരിക്കുന്നത് *പ്രോതെസിൻ ടോൺ അയിയോനോൺ* എന്ന വാക്കാണ്, അക്ഷരികമായി "യുഗങ്ങളുടെ ഉദ്ദേശം" എന്നു പറയാം. എങ്ങനെയായാലും, കാലാകാലങ്ങളായി എന്തെങ്കിലും വെറുതെ ചെയ്തുകൊണ്ടിരിക്കുകയല്ല ദൈവം ചെയ്യുന്നത്; ദൈവത്തിന്റെ പ്രവൃത്തി എല്ലായ്പോഴും ഉണ്ടായിരുന്നു. "നിത്യമായ" എന്നത് നല്ല ഒരു തർജിമയാണ്. "നിത്യതയിൽ കാലം ആരംഭിക്കുന്നതിനു മുൻപ്," അല്ലെങ്കിൽ, "ലോകത്തിന് അടിസ്ഥാനം ഇടുന്നതിനു മുൻപ് തന്നെ" ക്രിസ്തുവിൽ നമ്മെ തിരഞ്ഞെടുത്തു എന്ന ആശയം പൗലൊസ് വ്യക്തമാക്കിയപ്പോഴും ആ പ്രയോഗം നടത്തിയിരുന്നു (1:4). "ദൈവത്തിന്റെ ഉദ്ദേശം ...

മുൻകാലങ്ങളിൽ മറഞ്ഞിരുന്നതായി" ദൈവത്തിന്റെ നിത്യമായ ഉദ്ദേശത്തിന്റെ സ്വഭാവത്തെ വിശദമാക്കിയപ്പോഴും പറഞ്ഞിരുന്നു (3:9). പൗലൊസ് തന്റെ മറ്റു ലേഖനങ്ങളിൽ നിത്യതയെ "പൂർവ്വകാലങ്ങളിൽ" എന്നും (റോമർ 16:25), "സകല കാലത്തിനും മുമ്പെ" എന്നും (2 തിമൊ. 1:9), "സകല കാലത്തിന്നും മുമ്പെ" എന്നുമാണ് പറഞ്ഞിരിക്കുന്നത് (തിത്തൊ. 1:2).

നിവർത്തിച്ചു എന്നു പറയുന്നത് അർത്ഥമാക്കുന്നത് കൈവരിച്ച നേട്ടത്തെ യാണ്. **നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ** ആണ് ദൈവം തന്റെ നിത്യമായ ഉദ്ദേശം നിവർത്തിച്ചത് എന്നാണ് പൗലൊസ് വ്യക്തമാക്കിയത്. എങ്ങനെയായാലും, ദൈവം ക്രിസ്തുവിൽ "നിവർത്തിച്ചത്" സഭ മുഖാന്തര മാണ് അറിയിക്കേണ്ടത്. ദൈവത്തിന് ക്രിസ്തുവിൽ ഒരു നിത്യമായ ഉദ്ദേശം ഉണ്ടെങ്കിൽ, അത് നിവർത്തിക്കേണ്ടത് സഭ മുഖാന്തരമാണ്, അപ്പോൾ, സഭ ദൈവത്തിന്റെ നിത്യമായ ഉദ്ദേശത്തിൽ ഉൾപ്പെടുന്നു. ദൈവത്തിന്റെ ആക സ്മികമായ ചിന്തയാലോ, അല്ലെങ്കിൽ വീണ്ടുവിചാരത്താലോ സംഭവിച്ചതല്ല സഭ. യേശു രാജ്യം സ്ഥാപിക്കുവാൻ വന്നുവെങ്കിലും, യെഹൂദന്മാർ അവനെ തള്ളിക്കളഞ്ഞതുകൊണ്ട് അവൻ രാജ്യം "നീട്ടിവെക്കുകയും" സഭ സ്ഥാപി ച്ചു പൊയ്ക്കളഞ്ഞു എന്നാണ് ചില മതോപദേഷ്ടാക്കന്മാർ പഠിപ്പിക്കുന്നത്. ആ കാഴ്ചപ്പാട് അനുസരിച്ച്, യേശു, "തന്റെ ദൗത്യം പരാജയപ്പെട്ടതിനാൽ സ്വർഗത്തിലേക്ക് പോകുകയും, ആദ്യം പരാജയപ്പെട്ട ദൗത്യം ചെയ്യുവാനാ യി വീണ്ടും വരും"[5] എന്നതാണ്. ആദ്യം പരാജയപ്പെട്ടുവെങ്കിൽ രണ്ടാം പ്രാ വശ്യം വിജയിക്കുമെന്നതിന്റെ ഉറപ്പ് എന്താണ്? അതല്ല ശരി, സഭ മറ്റൊന്നി ന്റേയും പകരം അല്ല; സഭ ദൈവത്തിന്റെ നിത്യമായ ഉദ്ദേശമാണ് എന്ന് പ ൗലൊസ് അസന്നിഗ്ദ്ധമായി പറഞ്ഞിരിക്കുന്നു.

"ക്രിസ്തു എന്ന വ്യക്തിയിൽ ... ദൈവം നടത്തുന്ന വാഴ്ച്ചയാണ്" "രാജ്യം" എന്ന് ബൈബിൾ പഠിക്കുന്ന വിദ്യാർത്ഥികൾ അറിഞ്ഞിരിക്കണം. "ലോകത്തിൽനിന്നു വിളിച്ചു വേർതിരിക്കപ്പെട്ടവരെ"[6] ആണ് "സഭ" എന്നു വിളിക്കുന്നത്. ഒരേ രീതിയിലുള്ള അംഗങ്ങളെയാണ് ദൈവരാജ്യം എന്നും ക്രിസ്തുവിന്റെ സഭ എന്നും വിളിക്കുന്നത്; ആ അർത്ഥത്തിൽ, "രാജ്യവും" "സഭയും" ഒന്നു തന്നെ.

**വാക്യം 12.** ക്രിസ്തുവിലായി തീരുന്ന യെഹൂദന്മാർക്കും ജാതികൾക്കും ലഭിക്കുന്ന നേട്ടങ്ങളെ ഓർത്താണ് പൗലൊസ്, "നമ്മുടെ കർത്താവായ യേശു ക്രിസ്തുവിൽ ദൈവം തന്റെ നിത്യമായ ഉദ്ദേശം നിവർത്തിച്ചു" എന്നു പറ ഞ്ഞത്. ക്രിസ്തുവിൽ നമുക്കുള്ള നേട്ടങ്ങളിൽ പെടുന്നതാണ് **അവനിലുള്ള വിശ്വാസം മുഖാന്തരം ദൈവത്തോട് അടുക്കുവാൻ ലഭിക്കുന്ന ധൈര്യവും വിശ്വാസവും.** ആൻഡ്രു ടി. പറഞ്ഞത്, "ധൈര്യം" "പ്രവേശനം" എന്നീ വാക്കു കൾക്കുള്ള ഗ്രീക്ക് വാക്ക് ഊന്നി പറയുന്ന ആശയം "ധൈര്യത്തോടെയുള്ള പ്രവേശനം" ആണ് എന്നാണ്.[7] അവൻ പറഞ്ഞത് "ധൈര്യം" (അക്ഷരികമായി "ആത്മവിശ്വാസത്തിൽ" എന്നാണ്), ആ ആശയം ഇങ്ങനെ വായിക്കുവാനാ യി പറയുന്നു, "ആത്മവിശ്വാസത്തോടെ പ്രവേശിക്കുവാനുള്ള ധൈര്യം."[8]

6:19 ലെ *പാരെസ്യയ* എന്ന വാക്കും 6:10 ലെ മറ്റൊരു രൂപവും ഗ്രീക്കിൽ നിന്നു തർജിമ ചെയ്തതാണ് "ധൈര്യം." അതിനർത്ഥം "സ്വാതന്ത്ര്യം അല്ലെ ങ്കിൽ തുറന്നു സംസാരിക്കുക ...ഭയമോ ഭീരുത്വമോ [കൂടാതെ]."[9] "അവനിൽ [ക്രിസ്തുവിൽ] ഉള്ള വിശ്വാസം" കാരണമാണ് ക്രിസ്ത്യാനികൾക്ക് "ധൈര്യം" ഉണ്ടാകുന്നത്. നാം ക്രിസ്തുവിൽ ആയതിനാൽ, ദൈവത്തോട് അടുക്കുവാൻ

ഭയപ്പെടുകയോ, ലജ്ജിക്കുകയോ ചെയ്യരുത് എന്നു നമ്മോട് പറഞ്ഞിരിക്കുന്നു. യേശു കാരണം അവന്റെ കൃപ നമ്മിലേക്ക് വ്യാപിപ്പിച്ചിരിക്കുന്നു.

*പെപോയിതെസിസ്* തർജിമ ചെയ്ത "ധൈര്യം" എന്ന വാക്ക് പുതിയ നിയമത്തിൽ പൗലൊസ് മാത്രമാണ് ഉപയോഗിച്ചത്, ഈ വേദഭാഗത്തിനുപുറമെ മറ്റു വേദഭാഗങ്ങളിൽ കൂടെ (2 കൊ. 1:15; 3:4; 8:22; 10:2; ഫിലി. 3:4). അത്തരം ധൈര്യം എബ്രായർ 4:15, 16 ലും 10:19–22 ലും കാണാം. മുമ്പിലെ ഒരു വേദഭാഗത്ത് എബ്രായലേഖകൻ പറഞ്ഞത്, നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിവുള്ള ഒരു മഹാപുരോഹിതൻ നമുക്ക് ഉണ്ട് എന്നാണ്. പിന്നെ അവൻ പറഞ്ഞു, "അതുകൊണ്ട് കരുണ ലഭിപ്പാനും തൽസമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക." പിന്നീട് ഒരു വേദഭാഗത്തിൽ ലേഖകൻ ഊന്നി പറയുന്നത് ക്രിസ്തുവിന്റെ രക്തം മുഖാന്തരം നമുക്ക് വിശുദ്ധ സ്ഥലത്ത് പ്രവേശിക്കുവാൻ ധൈര്യം പ്രാപിച്ചിരിക്കുന്നതിന്റെ കാരണം, ക്രിസ്തു നമ്മുടെ മഹാപുരോഹിനായിട്ടുണ്ട്, നമ്മുടെ ശരീരം ശുദ്ധവെള്ളത്താൽ കഴുകപ്പെട്ടവരും ദുർമ്മനസാക്ഷി നീങ്ങുമാറ് ഹൃദയങ്ങളിൽ തളിക്കപ്പെട്ട് നിർമ്മലീകരിച്ച് ശുദ്ധീകരിച്ചതിനാലും ആണ്.

## അധൈര്യപ്പെടാതിരിക്കേണ്ടതിനുള്ള പ്രോൽസാഹനം (3:13)

**[13]അതുകൊണ്ട്, ഞാൻ നിങ്ങൾക്ക് വേണ്ടി സഹിക്കുന്ന കഷ്ടങ്ങൾ നിങ്ങളുടെ മഹത്വമാകയാൽ അവ നിമിത്തം അധൈര്യപ്പെട്ടു പോകരുത് എന്ന് ഞാൻ അപേക്ഷിക്കുന്നു.**

**വാക്യം 13.** ദൈവ മർമ്മത്തിൽ തന്റെ സ്ഥാനം ചർച്ച ചെയ്തുകൊണ്ടാണ് പൗലൊസ് 3:1–12 ലെ തന്റെ അടുത്ത പ്രസ്താവന അവസാനിപ്പിക്കുന്നത്. തന്റെ ശുശ്രൂഷ നിർവ്വഹിപ്പാനായി കഷ്ടത അനിവാര്യമായിരുന്നു എന്ന പ്രബോധനം ആവശ്യമായിരുന്നു, അവൻ ഈ ലേഖനം എഴുതുമ്പോൾ അവൻ തടവിലായിരുന്നു എന്നോർക്കുക. ജാതികളിലേക്ക് സുവിശേഷം എത്തിക്കുക എന്ന പൗലൊസിന്റെ ദൗത്യം പ്രയാസമുള്ളതായിരുന്നു (2 കൊ. 11:23–28). അവൻ എഫെസ്യരെ കഷ്ടത നിമിത്തമോ, സഹിക്കേണ്ടി വരുന്ന അപകടമോ വേദനയോ, **ഉപദ്രവമോ** നിമിത്തം **അധൈര്യപ്പെടുത്തുവാൻ** ആഗ്രഹിച്ചില്ല, അതുകൊണ്ട് പൗലൊസ് പറഞ്ഞത് **തന്റെ** കഷ്ടത [അവരുടെ] **മഹത്വ**മാണെന്നായിരുന്നു. പൗലൊസിന്റെ പ്രതിസന്ധികളാൽ മറ്റുള്ളവർക്ക് പ്രയോജനമായി തീർന്നത്, രക്ഷയും സ്വർഗീയമായ പ്രത്യാശയും അവർക്ക് ലഭിച്ചു എന്നതാണ്. പൗലൊസ് തന്നെ വിശദമാക്കി: "ഞങ്ങൾ കഷ്ടം അനുഭവിക്കുന്നു എങ്കിൽ അത് നിങ്ങളുടെ ആശ്വാസത്തിനും രക്ഷക്കും ആകുന്നു ..." (2 കൊ. 1:6); "അങ്ങനെ ഞങ്ങളിൽ മരണവും നിങ്ങളിൽ ജീവനും വ്യാപരിക്കുന്നു" (2 കൊ. 4:12); "അതുകൊണ്ട് ക്രിസ്തുയേശുവിലുള്ള *രക്ഷ നിത്യതേജസോടുകൂടെ വ്രതന്മാർക്ക്* കിട്ടേണ്ടതിന്നു ഞാൻ അവർക്കായി സകലവും സഹിക്കുന്നു" (2 തിമൊ. 2:10; എംഫസിസ് ആഡഡ്).

## കൂടുതൽ പഠനത്തിന്:
## “വാഴ്ച്ചകളും അധികാരങ്ങളും”
## (3:10)

പൗലൊസ് എങ്ങനെ “വാഴ്ച്ചകളും” “അധികാരങ്ങളും” ഉപയോഗിച്ചിരിക്കുന്നു? ക്രിസ്തുവിനെ “സകല വാഴ്ച്ചകളുടേയും [*അർച്ചെ*] അധികാരങ്ങളുടേയും [*എക്സൗസിയാസ്*] മേലാക്കി” ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരുത്തിയിരിക്കുന്നു എന്ന് എഫെസ്യലേഖനത്തിൽ പറഞ്ഞിരിക്കുന്നു (എഫെ. 1:21), ക്രിസ്ത്യാനികൾക്ക് പോരാടുവാനുള്ളത് “വാഴ്ച്ചകളോടും [*അർച്ചാസ്*]” “അധികാരങ്ങളോടുമാണ് [*എക്സൗസിയാസ്*]” (എഫെ. 6:12). “വാഴ്ച്ചകളും [*അർച്ചായി*]” “അധികാരങ്ങളും [*എക്സൗസിയായി*]” സകലവും സൃഷ്ടിച്ചത് ക്രിസ്തു ആണെന്ന് കൊലൊസ്യർക്ക് എഴുതുമ്പോൾ പറഞ്ഞിരിക്കുന്നു (കൊലൊ. 1:16); അതായത്, സകല “വാഴ്ച്ചകൾക്കും [*അർച്ചാസ്*]” “അധികാരങ്ങൾക്കും [*എക്സൗസിയാസ്*]” (കൊലൊ. 2:10); തലയായ ക്രിസ്തു “ആയുധവർഗത്തെ വെപ്പിച്ച് വാഴ്ച്ചകളെയും [*അർച്ചാസ്*] അധികാരങ്ങളെയും [*എക്സൗസിയാസ്*] കീഴ്പ്പെടുത്തി” (കൊലൊ. 2:15). സകല “വാഴ്ച്ചകൾക്കും [*അർച്ചായിസ്*]” “അധികാരങ്ങൾക്കും [*എക്സൗസിയാസ്*]” കീഴടങ്ങിയിരിപ്പാൻ ആളുകളെ ഓർപ്പിക്ക എന്ന് പൗലൊസ് തീത്തോസ് ലേഖനം എഴുതുമ്പോൾ 3:1–ൽ പറഞ്ഞു.

എഫെസ്യലേഖനത്തിലെ വേദ ഭാഗത്ത് പറയുന്ന “വാഴ്ച്ചകളും” “അധികാരങ്ങളും” സ്വർഗത്തിലായതിനാൽ അത് ആത്മിയ പ്രതലത്തിലുള്ളതാണെന്ന് സ്പഷ്ടം (1:3 നോക്കുക). എങ്ങനെയായാലും, തിത്തൊസിന്റെ വേദഭാഗത്ത് “സ്വർഗത്തിൽ” എന്ന് ഒഴിവാക്കിയിരിക്കുന്നു. അതിൽ നിന്നും എന്തു തീർപ്പിലാണ് നമുക്ക് എത്തുവാൻ കഴിയുന്നത്? തീത്തോസ് 3:1 പറയുന്നത് ഗവൺമെന്റും ഭരണാധികാരികളുമാണ്, ക്രിസ്ത്യാനികൾ അധികാരങ്ങൾക്ക് കീഴടങ്ങിയിരിക്കണം. കൊലൊസ്സ്യർ 1:16–ൽ പറയുന്നത് ക്രിസ്തു സൃഷ്ടിച്ചതാണ് അധികാരങ്ങളും വാഴ്ച്ചകളും എന്നാണ്. എല്ലാ സൃഷ്ടികളും “വളരെ നല്ലത്” എന്നു പറഞ്ഞിരിക്കയാൽ (ഉല്. 1:31), സൃഷ്ടിച്ചതെല്ലാം നല്ലതാണ്, മോശമായിരുന്നില്ല. എല്ലാ തിന്മയും ആരംഭത്തിൽ നന്നായിരുന്നു എന്നും പിന്നീട് മോശമായതാണെന്നും മനസിലാക്കാം. ഇപ്പോഴുള്ള സാത്താനെയോ, ലോകത്തിലുള്ള ദുഷ്ടതയെയോ നമ്മുടെ നല്ല ദൈവം സൃഷ്ടിച്ചതല്ല. തിന്മയുടെ ആഴത്തിലേക്ക് നാം ഇറങ്ങിച്ചെല്ലാതെ തന്നെ, ക്രിസ്തു സൃഷ്ടിച്ച വാഴ്ച്ചകളും അധികാരങ്ങളും അതിൽ തന്നെ ഒരു കുഴപ്പവുമില്ലായിരുന്നു എന്നും പിന്നീടാണ് അവ കുഴപ്പമായതെന്നും മനസിലാക്കാം. കൊലൊസ്സ്യർ 2:15–ൽ പറയുന്നത്, ക്രിസ്തു ക്രൂശിൽ മരിച്ചപ്പോൾ, വാഴ്ച്ചകളിന്മേലും അധികാരങ്ങളിന്മേലും ജയം കൈവരിച്ചു എന്നാണ്, അവിടെ പറയുന്ന വാഴ്ച്ചകളും അധികാരങ്ങളും നല്ലതോ മോശമോ എന്നു പറയുന്നില്ല (എഫെ. 1:21). ക്രിസ്ത്യാനികൾക്ക് പോരാട്ടമുള്ളത് വാഴ്ച്ചകളോടും അധികാരങ്ങളോടുമാണ് (എഫെ. 6:12). വാഴ്ച്ചകളേയും അധികാരങ്ങളേയും എന്ത് അറിയിക്കേണമോ–അത് ഗവൺമെന്റ് അധികാരികളോടായാലും, ദുഷ്ടശക്തിയോടായാലും, അല്ലെങ്കിൽ സ്വർഗത്തിലെ ദൂതന്മാരോടായാലും–ലോകത്തിൽ ദൈവത്തിന്റെ പദ്ധതിയും ഉദ്ദേശവും സഭയാണ് അറിയിക്കേണ്ടത് എഫെസ്യർ 3:10 പറയുന്നത്. സഭ എങ്ങനെയാണ് ഇത് ചെയ്യുന്നത്? സുവിശേഷം അറിയിക്കുമ്പോൾ, സ്വർഗത്തിലും ഭൂമിയിലും, നന്മയും തിന്മയും, ഭൗതികലോകത്തിലും ആത്മി

കലോകത്തിലും, സാത്താനും അവന്റെ ദൂതന്മാരും, ദൈവജ്ഞാനം പ്രാവർത്തികമാകുന്നത് കാണുന്നു. പാപം നിറഞ്ഞ ലോകത്ത്, ദൈവജ്ഞാനവും പ്രവൃത്തിയും നഷ്ടപ്പെട്ടവരെ കണ്ടെത്തുവാനും പാപികളെ രക്ഷിപ്പാനും കഴിയുന്നു.

## പ്രായോഗികത

**മർമ്മം വിശദമാക്കി (3:1-13)**

നെപോളിയൻ ബോണപ്പാർട്ടിന്റെ പേർ വളരെ പ്രസിദ്ധമായി അറിയപ്പെട്ടിരുന്നു, കാരണം അവനായിരുന്നു യൂറോപ്പിനെ കീഴട-ക്കുവാനിരിക്കുന്നവൻ. കലയുടേയും ശാസ്ത്രത്തിന്റേയും രക്ഷാധികാരിയായി അവനെ പലരും അംഗീകരിച്ചിരുന്നില്ല, എങ്കിലും അവൻ അതായിരുന്നു. 1798–ൽ, നെപ്പോളിയൻ മിസ്രയിം കൈവശപ്പെടുത്തുവാൻ തുടങ്ങി, എന്നാൽ 1801 സെപ്തംബറിൽ, അവനെ ആ രാജ്യം തുരത്തിയതിനാൽ, അവന് ആ രാജ്യം വിട്ടുപോകേണ്ടി വന്നു. ആ മൂന്നു വർഷം സൈനികമായും, രാഷ്ട്രീയമായും അവനു പരാജയമാണ് സംഭവിച്ചത്. എന്നാൽ വർഷങ്ങളോളം ഒരു കാര്യത്തിൽ അവൻ താൽപര്യപ്പെട്ടതിൽ വിജയിച്ചുകൊണ്ടിരുന്നു–പുരാവസ്തുശാസ്ത്രം. 1799 ആഗസ്റ്റിൽ, നെപ്പോളിയന്റെ ഒരു സൈന്യാധിപൻ, പിയറേ-ഫ്രാൻകോയിസ്ബൗച്ചാർഡ് നൈൽ നദിക്കരികിലെ ഡെൽട്ടാ പ്രദേശത്തുനിന്ന് മേലെഴുത്ത് ഉള്ള ഒരു റോസെറ്റാ കല്ല് കണ്ടെടുക്കുകയുണ്ടായി. മൂന്നു പുരാതന ഭാഷകളിൽ എഴുത്തുള്ളതായിരുന്നു ആ കല്ല്. പണ്ഡിതന്മാർക്ക് അത് പൂട്ട് തുറന്ന് മനസിലാക്കാവുന്ന ചിത്രലിപിയായിരുന്നു. ആ ഒരൊറ്റ കല്ല് ആധുനിക മിസ്രയിമിനെ കുറിച്ചു പഠിക്കുവാനുള്ള വാതിലായിരുന്നു.

ദൈവത്തിന്റെ "മർമ്മം" (വിശുദ്ധ രഹസ്യം) എഫെസ്യലേഖനത്തിൽ വിവരിക്കുന്നതാണ് ദൈവത്തിന്റെ റോസെറ്റാ സ്റ്റോൺ. ദൈവം പഴയനിയമത്തിൽ അവതരിപ്പിച്ചത് മനസിലാക്കുവാൻ സഹായിക്കുന്നതാണ് അത്, യേശു സുവിശേഷങ്ങളിൽ ചെയ്തതും, ഇപ്പോൾ സഭ ചെയ്യുന്നതും അതാണ്. ബൈബിളിൽ പറയുന്ന മർമ്മം ഇരുണ്ടതോ, അറിയുവാൻ കഴിയാത്തതോ അല്ല എന്ന് ഓർമ്മിക്കുക. മറിച്ച്, ഒരിക്കൽ ദൈവത്തിനു മാത്രം അറിയാമായിരുന്നതും ഇപ്പോൾ എല്ലാവർക്കും അറിയാവുന്നതുമാണ്. ചരിത്രത്തിന് അർത്ഥം നൽകുന്നതാണ് വെളിപ്പെടുത്തിയ മർമ്മം.

ഒരിക്കൽ ദൈവത്തിന്റെ മർമ്മമായിരുന്നതും ഇപ്പോൾ എല്ലാവരും അറിയുവാൻ വെളിപ്പെടുത്തിയതുമായ മർമ്മത്തിന്റെ പല വസ്തുതകളും എഫെസ്യർ 3:1–13 വെളിപ്പെടുത്തുന്നു.

*മർമ്മം വെളിപ്പെടുത്തിയത് ആർ?* (3:1, 2, 7). "അതു നിമിത്തം പൗലൊസ് എന്ന ഞാൻ ജാതികളായ നിങ്ങൾക്കു വേണ്ടി, ക്രിസ്തുയേശുവിന്റെ ബദ്ധനായിരിക്കുന്നു–" (3:1). തന്റെ രഹസ്യം വെളിപ്പെടുത്തുവാൻ ദൈവം ഒരു മനുഷ്യനെ തിരഞ്ഞെടുത്തു. ദൈവം മനുഷ്യരിൽകൂടെയാണ് പ്രവർത്തിക്കുന്നത്. ഏതെങ്കിലും സഭ വളരുന്നുണ്ടെങ്കിൽ, അത് സഭയിലെ വ്യക്തികളുടെ താലന്തു ഉപയോഗിച്ചതു നിമിത്തമാണ്.

പ്രവർത്തിക്കുവാൻ ദൈവം തിരഞ്ഞെടുത്ത വ്യക്തികളിൽ ഒരാളായിരുന്നു പൗലൊസ്. ശരീരത്തിന്റെ മർമ്മം ലോകത്തിനു വെളിപ്പെടുത്തുവാൻ തിരഞ്ഞെടുക്കുന്നത് ആത്മാവ്-നയിക്കുന്ന സമർപ്പിക്കപ്പെട്ട് അക്ഷീണം പ്ര

വർത്തിക്കുന്നവരെയാണ്.

*പൗലൊസിനെ അവൻ വിളിച്ചത് "ക്രിസ്തുയേശുവിന്റെ ബദ്ധൻ"* എന്നാണ് (3:1). നീറോയുടെ വിചാരണ നേരിടുവാൻ താൻ റോമാ തടവിലായിരുന്നു എന്നാണ് അവൻ എഴുതിയത്. അവൻ രക്ഷപ്പെടാതിരിക്കേണ്ടതിന് അവനെ ഒരു റോമൻ പടയാളിയോടുകൂടെ രാവും പകലും ബന്ധിച്ചിരുന്നു. ഏകദേശം മൂന്നു വർഷം പൗലൊസ് അവിടെ ആയിരുന്നു. "നീറോയുടെ ബദ്ധൻ"! എന്ന് അവൻ ഒരിക്കൽ പോലും പറഞ്ഞില്ല. തന്റെ എല്ലാ ലേഖനങ്ങളിലും അവൻ തന്നെ "ക്രിസ്തുയേശുവിന്റെ ബദ്ധൻ" എന്നായിരുന്നു വിളിച്ചത്.

പൗലൊസിനു നേരിട്ട കഷ്ടങ്ങളെല്ലാം ക്രിസ്തുവുമായി നേരിട്ടു ബന്ധപ്പെട്ടിരുന്നു. ഗലാത്യലേഖനത്തിലെ അടുത്ത വാക്യം മുതൽ അവസാനം വരെ പൗലൊസ്, ചാട്ടവാറടിയേറ്റതും, കല്ലേറു കൊണ്ടതും, അടിയേറ്റതുമായ മുന്നനുഭവങ്ങളെയാണ് നിരത്തുന്നത്. ഞാൻ "പാറയുടേയും, കല്ലിന്റേയും ചാട്ടയുടേയും കോലിന്റേയും അടയാളം എന്റെ ശരീരത്തിൽ വഹിക്കുന്നു" എന്നായിരുന്നില്ല പൗലൊസ് പറഞ്ഞത്, പിന്നെയോ, "എന്റെ ശരീരത്തിൽ ഞാൻ ക്രിസ്തുവിന്റെ ചൂടടയാളം വഹിക്കുന്നു" എന്നാണ് പറഞ്ഞത് (ഗലാ. 6:17). നമ്മുടെ സാഹചര്യങ്ങളിലെ വ്യത്യാസം നാം എങ്ങനെ കാണുന്നു!

പൗലൊസ് തന്റെ സാഹചര്യം നോക്കിയപ്പോൾ, എത്ര പ്രയാസമായിരുന്നു എന്നോ അല്ലെങ്കിൽ പരിശ്രമിച്ചിരുന്നു എന്നോ ആയിരുന്നില്ല, അത് ദൈവമഹത്വത്തിനായിരുന്നു എന്നാണ് അവൻ കണ്ടത്. ദൈവമർമ്മം ജാതികളോട് അറിയിക്കുന്ന ഉദ്ദേശത്തിനായി അവൻ ക്രിസ്തുവിന്റെ ബദ്ധനായി തീർന്നു.

"നിങ്ങൾക്കായി എനിക്കു ലഭിച്ച ദൈവകൃപയുടെ വ്യവസ്ഥയെ കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ" (3:2). *താൻ ഒരു കാര്യവിചാരകനാണെന്നാണ് പൗലൊസ് അർത്ഥമാക്കിയത്.* മറ്റൊരാളുടെ സമ്പാദ്യങ്ങളുടെ നടത്തിപ്പിന്റെ ഉത്തരവാദിത്തം അവൻ ഏറ്റിരുന്നു. ഈ കാര്യത്തിൽ, ദൈവത്തിന്റെ അത്ഭുത രഹസ്യത്തിന്റെ കാര്യവിചാരകനായിട്ടാണ് പൗലൊസ് തന്നെ കുറിച്ചു പറഞ്ഞത്.

"ആ സുവിശേഷത്തിന്നു ഞാൻ അവന്റെ ശക്തിയുടെ വ്യാപാരപ്രകാരം എനിക്കു ലഭിച്ച ദൈവത്തിന്റെ കൃപാദാനത്താൽ ശുശ്രൂഷക്കാരനായി ത്തീർന്നു" (3:7). *ദൈവ സന്ദേശം മറ്റുള്ളവരിലേക്ക് എത്തിക്കുന്ന ആളുടെ സ്വഭാവം ഒരു ദാസന്റേതായിരിക്കണം.* തനിക്ക് പേർ ലഭിക്കണം എന്നാഗ്രഹിക്കുന്ന ഒരു ഉപദേഷ്ടാവിനും ദൈവത്താൽ-അനുഗ്രഹിക്കപ്പെട്ട ശുശ്രൂഷ നടത്തുവാൻ സാധ്യമല്ല. ആളുകൾ തന്നെ നോക്കി അനുഗമിക്കണം എന്ന് ആരെങ്കിലും ആഗ്രഹിച്ചു പ്രവർത്തിച്ചാൽ അയാൾ തെറ്റിപ്പോയിരിക്കുന്നു. വലിയ പ്രസംഗത്തിന്റെ ശത്രുവാണ് സ്വയം-കൃതവും അഹംഭാവവും. ഒരാൾ തന്നെ ദൈവത്തിന്റെ ദാസനായി കണ്ടാൽ മാത്രമെ, അയാൾക്ക് ഫലപ്രദമായ ശുശ്രൂഷ നടത്തുവാൻ കഴിയുകയുള്ളു.

*ശുശ്രൂഷയുടെ സത്ത എന്തായിരുന്നു?* (3:6, 8). "അതോ ജാതികൾ സുവിശേഷത്താൽ ക്രിസ്തുയേശുവിൽ കൂട്ടവകാശികളും ഏകശരീരസ്ഥരും വാഗ്ദത്തത്തിൽ പങ്കാളികളും ആകേണം എന്നുള്ളതു തന്നെ" (3:6). ദൈവിക ശുശ്രൂഷയിൽ ഉൾപ്പെട്ടിരിക്കുന്നത് എന്താണെന്ന് പൗലൊസ് മുൻപ് പറഞ്ഞു, ഇപ്പോൾ വാക്യം 6-ൽ അത് പ്രത്യേകമായി എടുത്തു പറയുന്നു: യെഹൂദന്മാരോടൊപ്പം ജാതികളേയും ദൈവം ഏകശരീരത്തിൽ സ്വീകരിക്കുന്നു. ഈ ശുശ്രൂഷയെ കുറിച്ച് യേശു തന്റെ പരസ്യ ശുശ്രൂഷയിൽ സൂചന നൽകി

യിരുന്നു: “ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്ക് ഉണ്ട്; അവയെയും ഞാൻ നടത്തേണ്ടതാകുന്നു” (യോഹ. 10:16).

മർമ്മത്തിൽ മൂന്നു സത്യങ്ങൾ അടങ്ങിയിരിക്കുന്നു: ദൈവം യെഹൂദന്മാർക്ക് നൽകിയ അതേ അവകാശം ജാതികൾക്കും കൊടുക്കുന്നു, യെഹൂദന്മാരോടൊപ്പം ജാതികൾക്കും ഏക ശരീരത്തിലെ അവയവങ്ങളാകുവാൻ കഴിയുന്നു, യെഹൂദന്മാരോടൊപ്പം ജാതികൾക്കും ദൈവത്തിന്റെ വാഗ്ദാനങ്ങൾക്ക് തുല്യ പങ്കാളികളാകുവാൻ കഴിയുന്നു. ഇങ്ങനെ സംഭവിക്കുമെന്ന് യെഹൂദന്മാർ ഒരിക്കലും വിചാരിച്ചിരുന്നില്ല. അത്തരം അനുഗ്രഹങ്ങൾ ദൈവം ജാതികൾക്ക് നൽകുമെന്ന് യെഹൂദന്മാർ സ്വപ്നത്തിൽ പോലും വിചാരിച്ചിരുന്നില്ല. അത് മുൻകാലങ്ങളിൽ ദൈവത്തിന്റെ രഹസ്യമായിരുന്നുവെങ്കിലും, മറെഞ്ഞിരുന്നത് പിന്നീട് വെളിപ്പെടുത്തി.

അതെങ്ങനെ കഴിഞ്ഞു? ജാതികൾക്ക് എങ്ങനെ യെഹൂദന്മാരോടൊപ്പം കൂട്ടവകാശികളും, കൂട്ടംഗങ്ങളും, സഹ-പങ്കാളികളും ആകുവാൻ കഴിഞ്ഞു? അത് “സുവിശേഷം മുഖാന്തരം” ആണെന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു. സുവിശേഷം ദൈവത്തിന്റെ സുവാർത്തയാണ്, അതായത് യേശുക്രിസ്തു മരിക്കുകയും, എല്ലാവർക്കുമായി ദൈവശക്തിയാൽ അവനെ ഉയർപ്പിക്കുകയും ചെയ്തു. വെളിപ്പെടുത്തിയ മർമ്മം എന്തെന്നാൽ ക്രൂശിൽ വെച്ച് യേശു നടുച്ചുവർ ഇടിച്ചുകളഞ്ഞു ശത്രുത്വം ഇല്ലാതാക്കി, തന്നിൽ പുതുമനുഷ്യനാക്കി തീർത്തു; അങ്ങനെ ഇപ്പോൾ യെഹൂദൻ എന്നോ യവനനെന്നോ, ദാസൻ എന്നോ സ്വതന്ത്രൻ എന്നോ, ആണെന്നോ പെണ്ണെന്നോ വ്യത്യാസമില്ലാതെയായി. അതായിരുന്നു മുൻകാല നിത്യതയിലെ ദൈവത്തിന്റെ പദ്ധതി. സഭ യാദൃശ്ചികമായി ഉണ്ടായതല്ല; അത് ദൈവത്തിന്റെ അവസാന-നിമിഷ ചിന്തയുമായിരുന്നില്ല. ദൈവത്തിന്റെ നിത്യമായ ശുശ്രൂഷയുടെ സത്തയായിരുന്ന ദൈവത്തിന്റെ വീണ്ടെടുപ്പ് പദ്ധതി ലോകസ്ഥാപനത്തിനു മുമ്പ് തന്നെ യാതൊരു വ്യത്യാസവുമില്ലാതെ എല്ലാവർക്കുമായി നൽകുവാൻ തീരുമാനിച്ചതായിരുന്നു.

ആ പുതിയ ബന്ധത്തെ വിപുലീകരിച്ച് പൗലൊസ് പറഞ്ഞു, “സകല വിശുദ്ധന്മാരിലും ഏറ്റവും ചെറിയവനായ എനിക്ക് ജാതികളോട് ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ കുറിച്ച് പ്രസംഗിക്കുവാൻ കൃപ ലഭിച്ചിരിക്കുന്നു” (3:8). ആ “ധനം” എന്താണ്? ദൈവം ദയയിലും, സഹിഷ്ണുതയിലും, ക്ഷമയിലും, മഹത്വത്തിലും, ജ്ഞാനത്തിലും, ബുദ്ധിയിലും, കരുണയിലും, കൃപയിലും, പാപമോചനം നൽകുന്നതിലും ധനികനാണ് എന്ന് പൗലൊസിന്റെ ലേഖനത്തിൽനിന്നു നാം മനസിലാക്കുന്നു.

അവയെല്ലാം ക്രിസ്തുവിൽ നമുക്ക് ലഭിക്കുന്ന അനുഗ്രഹങ്ങളാണ്. അവനിൽ ദൈവം നമ്മെ ആത്മിയമായി കോടീശ്വരന്മാരാക്കിയിരിക്കുന്നു! യെഹൂദനായിരുന്നാലും ജാതിയായിരുന്നാലും നമുക്ക് പരിധിയില്ലാത്ത സ്വത്താണുള്ളത്.

*മർമ്മം വെളിപ്പെടുത്തിയതിൽകൂടെ ദൈവം എന്താണ് ഉദ്ദേശിച്ചത്?* (3:10, 11). താഴെ കൊടുത്തിരിക്കുന്നത് ക്രിസ്തുവിന്റെ ശരീരത്തിൽ സംഭവിക്കുവാനായിരുന്നു, വിശുദ്ധ രഹസ്യം വെളിപ്പെടുത്തിയതിലൂടെ ദൈവം ആഗ്രഹിച്ചത്:

> ... അങ്ങനെ ഇപ്പോൾ സ്വർഗത്തിൽ വാഴ്ച്ചകൾക്കും അധികാരങ്ങൾക്കും ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനം, അവൻ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിവർത്തിച്ച അനാദിനിർണ്ണയപ്രകാരം സഭ മുഖാ

ന്തരം അറിയായ്‌വരുന്നു (3:10, 11).

സഭ ഉണ്ടാകണമെന്ന് ദൈവം ആഗ്രഹിച്ചത് എന്തുകൊണ്ട്? അത് അവന്റെ ജ്ഞാനത്തിന്റെ മാഹാത്മ്യമായ "സ്വർഗ്ഗത്തിലെ വാഴ്ച്ചകളേയും അധികാരത്തേയും" കാണിക്കുന്നതിനായിരുന്നു.

ഈ വാഴ്ച്ചകളേയും അധികാരങ്ങളേയും എന്താണ് നാം പഠിപ്പിക്കുന്നത്? നാം അവയെ ദൈവത്തിന്റെ ബഹുവിധമായ ജ്ഞാനമായി പഠിപ്പിക്കുന്നു. അവന്റെ വിശുദ്ധിയുടെ ആത്മാർത്ഥതക്കു ഭംഗം വരുത്താതെ പാപിയും, മത്സരിയും, കഠിന ഹൃദയനുമായ മനുഷ്യനെ പൂർണമായും ദൈവം രക്ഷിക്കുന്നതെങ്ങനെയെന്ന് നമ്മുടെ ജീവിതത്തിലൂടെ കാണിച്ചു കൊടുക്കുന്നു. ദൈവത്തെ സ്നേഹിക്കുവാനും, പാപത്തെ വെറുക്കുവാനും, പശ്ചാത്തലം നോക്കാതെ പരസ്പരം സ്വീകരിക്കുവാനും ഒരു കൂട്ടായ്മയിലേക്ക് നമ്മെ രൂപാന്തരപ്പെടുത്തുന്നതെങ്ങനെ എന്ന് നാം കാണിച്ചു കൊടുക്കുന്നു.

ദൈവത്തിന്റെ കരുണയും കൃപയും ഈ വാഴ്ചകൾക്കും അധികാരങ്ങൾക്കും സഭ മുഖാന്തരം മാത്രമാണ് മനസിലാക്കുവാൻ കഴിയുന്നത്. ദൈവത്തിന്റെ ആഴമേറിയ സ്നേഹവും സഭ മുഖാന്തരമാണ് തിരിച്ചറിയുവാൻ കഴിയുന്നത്. പാപം ക്ഷമിക്കുവാനുള്ള ദൈവത്തിന്റെ കഴിവും സഭ മുഖാന്തരമാണ് അറിയുവാൻ കഴിയുന്നത്.

ദൈവ ജ്ഞാനത്തിന്റെ പ്രതിഫലനമാണ് ദൈവവുമായിട്ടുള്ള ബന്ധത്തിലും അന്യോന്യവും നാം ചെയ്യുന്നത്. അവസാനം, ആത്മീയമായി തകർന്നിരിക്കുന്ന ലോകത്തെ അവന്റെ ജ്ഞാനത്തിന്റെ ധനത്തെ ദൈവജനത്തിൽ കൂടെ കാണിച്ചു കൊടുക്കുക എന്നതാണ് നമ്മുടെ ഉദ്ദേശം.

*മർമ്മത്തിൽ നിന്നുള്ള നമ്മുടെ അനുഗ്രഹം എന്താണ്?* (3:12). "അവനിൽ ആശ്രയിച്ചിട്ട് അവങ്കലുള്ള വിശ്വാസത്താൽ നമുക്ക് ധൈര്യവും പ്രവേശനവും ഉണ്ട്" (3:12). ക്രിസ്തു മുഖാന്തരം ഏക ശരീരത്തിൽ ദൈവം ചെയ്തതിന്റെ കാരണമായി, നമുക്ക് ദൈവത്തോടുള്ള പ്രവേശനം ആസ്വദിപ്പാൻ കഴിയുന്നു. നമുക്ക് ധൈര്യത്തോടും സ്വാതന്ത്ര്യത്തോടും അവനോട് അടുക്കുവാൻ കഴിയും, കാരണം നമുക്കും ദൈവത്തിനും ഇടയിലുണ്ടായിരുന്ന എല്ലാ തടസ്സങ്ങളും കാൽവരിയിൽ ദൈവം നീക്കി.

അവൻ നമ്മുടെ കൂട്ടായ്മ ഇഷ്ടപ്പെടുന്നതുകൊണ്ട് ദൈവം നമ്മെ സ്നേഹിക്കയും നമ്മെ കേൾക്കുവാൻ ആഗ്രഹിക്കയും ചെയ്യുന്നു. പ്രപഞ്ചത്തിന്റെ സൃഷ്ടി കർത്താവിനാൽ മുഴുവനായി സ്വീകരിക്കപ്പെടുവാനും, അവനോട് എല്ലായിപ്പോഴും ബന്ധപ്പെടുവാനും കഴിയുന്നു എന്നതു വലിയ അനുഗ്രഹമല്ലേ?

*ഉപസംഹാരം.* എല്ലായിടത്തും എല്ലാവരോടും അവന്റെ രക്ഷാ സന്ദേശം അറിയിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ആ നടപടിയിൽ, പുരുഷന്മാരും സ്ത്രീകളും രൂപാന്തരപ്പെടുകയും, ദൈവം ഇപ്പോഴും, എന്നേക്കും മഹത്വപ്പെടുകയും ചെയ്യും.

## ക്രിസ്തുവിന്മേൽ ശ്രദ്ധിക്കൽ

ലോകത്തിലെ ഏറ്റവും വലിയ സംഗീത സംഘ നടത്തിപ്പുകാരനായിരുന്നു ആർറ്റുറോ ടോസ്കാനിനി (1867–1957). ഒരിക്കൽ, അദ്ദേഹം ഒരു വാദ്യ മേള സംഘം രൂപപ്പെടുത്തിയ ലൂദ്വിഗ് വാൻ ബീതോവെൻ എന്ന ആളുടെ ഒരുക്ക

ത്തിൽ പങ്കെടുത്തപ്പോൾ ടോസ്കാനിനി പറഞ്ഞു, "ഞാൻ ഒന്നുമല്ല; നിങ്ങൾ ഒന്നുമല്ല; ബീതോവെൻ ആണ് എല്ലാം." തന്റെ ജോലി തന്നിലേക്ക് ആളുകളെ ആകർഷിക്കയല്ല എന്നാൽ ബീതോവന്റെ പ്രതിഭയിലേക്കായിരുന്നു.

പൗലൊസിനെപ്പോലെ നാമും മനസിലാക്കേണ്ടതെന്തെന്നാൽ നമ്മുടെ ജോലി ദൈവ കൃപ പ്രഖ്യാപിക്കുമ്പോൾ, ആളുകളെ നമ്മിലേക്കല്ല മറിച്ച് ക്രിസ്തുവിന്റെ സന്ദേശത്തിലേക്കാണ് ആകർഷിക്കേണ്ടത്. നാം ഒന്നുമല്ല; ക്രിസ്തുവാണ് എല്ലാം. പൗലൊസ് ക്രിസ്ത്യാനികളെ ഓർപ്പിച്ചു, "ആകയാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ നടുന്നവനും നനക്കുന്നവനും ഏതുമില്ല" (1 കൊ. 3:7). നാം പ്രസംഗപീഠത്തിൽ നിന്ന് പ്രസംഗിക്കുകയാണെങ്കിലും ഒരാൾ-മറ്റൊരാളോട്-എന്ന നിലയിൽ കൂട്ടുകാരനോട് സംസാരിക്കയാണെ ങ്കിലും നമ്മുടെ ശ്രദ്ധ ക്രിസ്തുവിലായിരിക്കണം.

**തീർച്ചയുള്ള മതം**

നാം പ്രഖ്യാപിക്കുന്നത് "പ്രത്യാശാ-രഹിതമായ" മതമല്ല. നാം പ്രഖ്യാപി ക്കുന്നത് അപ്രമേയവും, പരിധിയില്ലാത്തതുമായ ദൈവത്തിന്റെ ധനം, ഒന്നു മില്ലാത്ത മനുഷ്യരോടാണ്. "എന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്ന തിലും അത്യന്തം പരമായി ചെയ്‌വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ കഴിയുന്നവൻ" എന്നാണ് 3:20-ൽ പൗലൊസ് പറഞ്ഞത്.

ക്രിസ് ബുള്ളാർഡ്

കുറിപ്പുകൾ

[1]ആൻഡ്ര്യൂ ടി ലിങ്കൺ, *എഫെഷ്യൻസ്*, വേർഡ് ബിബ്ലിക്കൽ കമന്ററി വാല്യം 42 (ഡള്ളാസ്: വേർഡ് ബുക്ക്സ്, 1990), 184. [2]കെന്നത്ത് എസ്സ്. വൂവെ സ്റ്റ്, *വൂവെസ്റ്റ്സ് വേർഡ് സ്റ്റഡീസ് ഫ്രം ദ ഗ്രീക്ക് ന്യു ടെസ്റ്റ്മെന്റ് ഫോർ ദ ഇംഗ്രീഷ് റീഡർ: എഫെഷ്യൻസ് ആന്റ് കൊലൊഷ്യൻസ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1953), 84. [3]ലിങ്കൺ, 184. [4]എസ്സ്. ഡി. എഫ്. സാൽമണ്ട്, "*ദ എപ്പിസ്റ്റൽ ടു ദ എഫെഷ്യൻസ്*," ഇൻ ദ എക്സ്പോസിറ്റേഴ്സ് ദ ഗ്രീക്ക് ടെസ്റ്റമെന്റ്, എടി.ഡബ്ലിയു. റോബർട്ട്സൺ നി ക്കോൾ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ് കമ്പനി., 1967), 3:309. [5]ഈ പോയിന്റ് ആയിരമാണ്ട് വാഴ്ച്ചക്കാരുടെ അടിസ്ഥാന പരമായ ചിന്തയാണ്, ക്രിസ്തുവിന്റെ രാജ്യം വന്നിട്ടില്ലാ എന്നും, അതു സ്ഥാപിത മാകുന്നത് അവന്റെ രണ്ടാം വരവിലാണെന്നുമാണ്. പല നാമധേയ വിഭാഗക്കാരും ധരിച്ചിരിക്കുന്നത്. ആ വീക്ഷണക്കാർ മർക്കൊസ് 9:1 ഉം കൊലൊ. 1:13, 14 ഉം തള്ളിക്കളയുകയാണ് ചെയ്യുന്നത് (ഫോയ് യി വാലസ്, ജൂനിയർ., *ഗോഡ്സ് പ്രോ ഫെറ്റിക്ക് വേർഡ്*, റവ, എഡി. [ഓക്ലഹോമാ സിറ്റി: ഫോയി ഇ. വാലസ്, ജൂനിയർ, പബ്ലിക്കേഷൻസ് 1960], 161.) [6]എതൽബെർട്ട് ഡബ്ലിയു. ബെല്ലിഞ്ചർ, *എ ക്രിട്ടിക്കൽ ലെക്സിക്കൻ ആന്റ് കൺകോർഡൻസ് ടു ദ ഇംഗ്ലീഷ് ആന്റ് ന്യൂ ടെസ്റ്റമെന്റ്* (ലണ്ടൻ: സാമുവൽ ബാഗ്സ്റ്റർ ആന്റ് സൺസ്, എൻ. ഡി.; റീപ്രിൻറ്, ഗ്രീൻറ് റാപ്പിഡ്സ് മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ് ഹൗസ്, റീജൻസി റഫറൻസ് ലൈബ്രറി, 1975), 433, 153. [7]ലിങ്കൻ, 189. ഒരു-ആർട്ടിക്കിൾ എന്ന ആശയം, സാൽമണ്ട് അടക്കം ചില വ്യാഖ്യാതാക്കൾ എതിർത്തിട്ടുണ്ട് (310). എന്നാൽ മൂല ഗ്രന്ഥം ഇതിനെ പിൻതാങ്ങു ന്നു. [8]ലിങ്കൻ, 190. [9]ബല്ലിഞ്ചർ, 107.